
1980 — 35/11



2807

ഗീതങ്ങൾ

ഗീതങ്ങൾ

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ
ആഭിമുഖ്യത്തിൽ 1980 ഒക്ടോബർ 2 മുതൽ
നവംബർ 7 വരെയുള്ള കാലയളവിൽ
തിരുവനന്തപുരം ജില്ലയിലെ കാരക്കോണത്തുനിന്നും
കാസർകോടുവരെ ഒരു ശാസ്ത്രകലാ ജാഥ
നടത്തുന്നതാണ്. അതോടനുബന്ധിച്ച്
സംസ്ഥാനത്തുടനീളം അവതരിപ്പിക്കുന്ന
സോദ്ദേശ കലാപരിപാടികളിലെ ഏതാനും
ഗീതങ്ങളാണ് ഇതിൽ. സ്കൂളുകളിലും
വായനശാലകളിലും പൊതുപരിപാടിക
ളോടനുബന്ധമായി പ്രയാസം കൂടാതെ ഇവ
അവതരിപ്പിക്കാൻ കഴിയും. അതിനു് മുൻകൂർ
അനുവാദം വാങ്ങണമെന്നു നിർബന്ധവുമില്ല.

Geethangal
Published in September 1980
Published and distributed by
Kerala Sastra Sahitya Parishad
Trivandrum—695001
Printed at: Swaraj Press & Publications Trivandrum
Rights Reserved
Cover: Chandranandan
price: Re. 0–50

KSSP SKJ5 FC/8 1/4000

Paper used for the printing of this book has been made available by Government of India at concessional rate.

നാടിൻ വികസനം ഇങ്ങനെയോ?

(മാപ്പിളപ്പാട്ട്)

ടെറസിൻ വീടും കാറും ഫ്രിഡ്ജും
പണമുള്ളവനുലഭിച്ചാൽ നാട്ടിൽ
വികസനമായെന്നോർത്തു നടക്കണ
വിവരം കെട്ടോരെ— നാടി—
ന്നപകടമാണീ ചിന്താഗതിയത്തു
മനസിലിരുന്നോട്ടെ.

പകുതിയിലേറെ ജനങ്ങളുമിവിടി—
ന്നൊരു നേരത്തിനു വകയില്ലാത്തോർ
പരമദരിദ്രർ, പട്ടിണിരേഖ—
യ്ക്കടിയിൽ കഴിയുന്നോർ, നിങ്ങളു—
ക്കവരുടെ കാരിയമാലോചിക്കാ—
നവസരമില്ലെന്നോ ?

പകുതിയിലേറെ നിരക്ഷര കുക്ഷി —
കളറിവില്ലാത്തവരിവിടുള്ളപ്പോൾ
പ്രൈമറി വിദ്യാഭ്യാസത്തിന്നേ
വേണം മുൻഗണന— അവരുടെ
തലയിലൊരൽപ്പം വെളിച്ചമെത്താൻ
വേണം പരിഗണന.

പകുതിയിലേറെ ജനങ്ങൾ നിരക്ഷര—
രറിവില്ലാത്തവരിവിടുള്ളപ്പോൾ
അവരെ ഭരിക്കാനിംഗ്ലീഷ് ഭാഷയി-
തവമതിയാണല്ലോ—നമ്മുടെ
നയപരിപാടിത്തെറ്റുതിരുത്താ—
നിനിയും വൈകരുതേ!

കുടിലോരോന്നിനുമോരോ നല്ലൊരു—
ക്കൂസാണിന്നാദ്യം വേണ്ടതു
കൊട്ടാരത്തിലെയർക്കണ്ടീഷൻ
പിന്നീടാവാല്ലോ—നമ്മുടെ
പരിഗണനാക്രമമിമ്മട്ടായാ
നാടുവളർന്നല്ലോ.

കാറുണ്ടാക്കണ ഫാക്ടറിയല്ലിവി-
ടാവശ്യം നാം സൈക്കിളുവാങ്ങാൻ
പോലും കഴിവുകുറഞ്ഞവരാണെ-
ന്നറിയാൻ പാടില്ലേ നോക്കൂ
നാടിനു ചേരും ടെക്നോളജിയീ
നാടു വളർത്തില്ലേ—

രചന: എസ്. പ്രഭാകരൻനായർ

ഇരുട്ടിനെ നാടുകടത്തൂ

സാധന വിലകൾ വാണംപോലെ കേറിക്കേറി മേലോട്ട്
സാധാരണ ജനജീവിതമങ്ങനെ താളം തെററിത്താഴോട്ട്
ഭാരതത്തിലെ ജനങ്ങൾക്ക് ദുരിതം കൊണ്ടാറാട്ട്
ഭാഗ്യം ചെയ്തവർ ജീവിക്കുന്നവർ നാട്ടിലാകെ ഏഴെട്ട്
കേരംതിങ്ങും കേരളനാട്ടിൽ നാളികേരച്ചമ്മന്തി
നാളികേരച്ചമ്മന്തിക്കൊരു നാലുതുള്ളിവെളിച്ചെണ്ണ
വെളിച്ചെണ്ണ നാട്ടിൽനിന്നും വെളിയിലേക്കൊഴുകി
വെളുത്ത പണവും കറുത്ത പണവും തമ്മിൽത്തമ്മിലിഴുകി
മധുരിക്കും വാക്കിലാകെ പഞ്ചാര നിറച്ച്
മന്ത്രിമാരു ഭരിച്ചാൽപ്പിന്നെ പഞ്ചാരയെന്തിന്?
വലിയവരാകണമെങ്കിൽ മധുരം കഴിക്കല്ലെളിയാ
ചെറിയവരാണെങ്കിൽ മധുരം കൊതിക്കല്ലെളിയാ.
വിദേശത്ത് വില കുറച്ച് വിററാൽപ്പേരു് നാടിനല്ലേ
വിവരമില്ലാത്തോർ നാടു ഭരിക്കുന്നതാപത്തല്ലേ
കണ്ടും കേട്ടു മറിഞ്ഞോരേ, കണ്ണും കാതും തുറന്നോരേ
കുണ്ടിലാണ്ട മനുഷ്യർക്കു പന്തം കാണിക്കു
നാളെയെങ്കിലുമീയിരുട്ടിനെ നാടു കടത്തു.

രചന: മുല്ലനേഴി.

എന്നിട്ടും

(മാപ്പിളപ്പാട്ട്)

സ്വാതന്ത്ര്യം ലഭിച്ചിട്ടും വർഷം മുപ്പതു കഴിഞ്ഞിട്ടും
നാമിന്നും പട്ടിണിനാടാണല്ലോ........കഷ്ടം
ദാരിദ്ര്യ രേഖയ്ക്കടിയിൽക്കഴിയുന്നവരുടെ എണ്ണം നാട്ടിൽ
നാൾ തോറും വർധിച്ചീടുന്നല്ലോ....

(സ്വാതന്ത്ര്യം)

കേരളം സമ്പന്നമാണെന്നാൽ നമ്മൾ ദരിദ്രരും
ആരോടു പറയാനീ നാണക്കേട്—നമ്മുടെ
നേതാക്കളറിഞ്ഞിട്ടു മറിയാതെ ഭാവിക്കുന്നു
നാണക്കേടെത്തും മറ്റൊരു മാനക്കേട്....

(സ്വാതന്ത്ര്യം)

വിഭവങ്ങൾ ചിലേടത്ത് കുന്നുകൂടിക്കിടക്കുന്നു
തൊഴിലില്ലാക്കൈകൾക്കെണ്ണം പെരുകുന്നു— എന്നാൽ
ഇവ രണ്ടും തമ്മിൽത്തമ്മിൽ ബന്ധിപ്പിക്കാൻ
വഴിയെന്തെന്ന്
അധികാരം കൺ മിഴിച്ചു കഴിയുന്നു....

(സ്വാതന്ത്ര്യം)

രചന: എസ്. പ്രഭാകരൻനായർ

നാം നാണിക്കാനും അറിയാത്തവർ

(മാപ്പിളപ്പാട്ട്)

പശ്ചിമഘട്ടം കേറിമറിഞ്ഞീനമ്മൾ ലോകം മുഴുവനു–
മെത്തിയ കാര്യം കവി പാടുന്നതു കേട്ടല്ലോ.
നാമതിലഭിമാനിക്കാറുണ്ടെന്നാലും നേരു പറഞ്ഞാൽ
നാണിക്കാനും നമ്മൾക്കിന്നറിയില്ലല്ലോ.
പട്ടിണിരേഖയ്ക്കടിയിൽ പകുതിമനുഷ്യരുമിവിടെക്കഴിയുന്നു
എഴുപതുശതമാനത്തിലുമേറെ നിരക്ഷരർ കണ്ണുമിഴിക്കുന്നു
ആയിരമായിരമെന്ന കണക്കിനു് വായും വയറും പെരുകുന്നു
(പശ്ചിമഘട്ടം....)

അനുദിനമിവിടെപ്പാഴായ് പ്പോകുന്ന ധ്വാനത്തിൻ വൻശക്തി
വികസിത രാഷ്ട്രമസൂയപ്പെടുമാറസുലഭമാകിയ ജനശക്തി
ഉപയോഗിക്കാൻ പററാത്തുള്ളൊരു ഗതികേടെന്തേ വന്നെത്തി
(പശ്ചിമഘട്ടം....)

അവസരതുല്യത എന്നു പറഞ്ഞൊരു നിയമം
നമ്മൾക്കിവിടുണ്ടു്,
എഴുതിയിരിപ്പുണ്ടേട്ടിലതിന്മേൽ പണമുള്ളോരുടെകൈയുണ്ടു്
ജനമൊന്നാണവരൊന്നിച്ചുയരണമതിനായെന്തൊരു–
വഴിയുണ്ടു് (പശ്ചിമഘട്ടം....)

കുത്തകകൂട്ടിയ വിഭവം കൈകളിലെത്തിച്ചാൽ–
തൊഴിലായില്ലേ
അധ്വാനിച്ചാൽ ഇവിടുള്ളോരുടെ പട്ടിണിയില്ലാതാവില്ലേ
ഒരു പുതുലോകം പടുത്തുയർത്താൻ ഇമ്മട്ടായാൽ കഴിയില്ലേ
(പശ്ചിമഘട്ടം....)

രചന: എസ്. പ്രഭാകരൻനായർ

പട്ടിണിക്കാരോട്

രചന: ബ്രെതോൾത് ബ്രഹ്ത്
പരിഭാഷ: പുനലൂർ ബാലൻ

നാളെ നേതാക്കളായ് മാറേണ്ട നിങ്ങൾക്ക്
കാലം അമാന്തിച്ചു പോയില്ലാ—
കാലം അമാന്തിച്ചു പോയില്ലാ....

നിങ്ങൾ പഠിക്കുവിൻ, നിങ്ങൾ പഠിക്കുവിൻ
ആദ്യക്ഷരം മുതൽ മേലോട്ട്—

ബാലപാഠങ്ങൾ പഠിച്ചോളിൻ—
മതിയായില്ലെങ്കിലും, നന്നായ് പഠിച്ചോളിൻ—

എന്തിന്നധീരത, ഇപ്പോൾ തുടങ്ങുവിൻ
എല്ലാം നിങ്ങൾ പഠിക്കേണം
തയ്യാറാകണമിപ്പോൾത്തന്നെ
ആജ്ഞാശക്തിയായ് മാറീടാൻ—

നാടുകടത്തപ്പെട്ടവരേ—
തടവിലടയ്ക്കപ്പെട്ടവരേ
എന്നുമടുക്കളയ്ക്കുള്ളിൽ കുടുങ്ങി-
യൊതുങ്ങിയിരിക്കും വീട്ടമ്മമാരേ—
വാർധക്യ പെൻഷൻ വാങ്ങി യിരിക്കും
വന്ദ്യവയോധികരേ............

എന്തിന്നധീരത ഇപ്പോൾ തുടങ്ങുവിൻ
എല്ലാം നിങ്ങൾ പഠിക്കേണം

തയ്യാറാകണമിപ്പോഠംത്തന്നെ
ആജ്ഞാശക്തിയായ് മാറീടാൻ

നാട്ടകടത്തപ്പെട്ടവരേ—
തടവിലടയ്ക്കപ്പെട്ടവരേ
വിദ്യാശാലയും, വിജ്ഞാനങ്ങളും
അന്വേഷിപ്പിൻ കൂട്ടരേ.

പട്ടിണിയായ മനുഷ്യാ നീ—
പുസ്തകം കൈയിലെടുത്തോളൂ
പുത്തനൊരായുധമാണതിനക്കുെ
പുസ്തകം കൈയിലെടുത്തോളൂ........

എന്തിന്നധീരത, ഇപ്പോഠം തുടങ്ങുവിൻ
എല്ലാം നിങ്ങഠം പഠിക്കേണം.
തയ്യാറാകണമിപ്പോഠംത്തന്നെ
ആജ്ഞാശക്തിയായ് മാറീടാൻ

കുറവർ കളിപ്പാട്ട്

ചീരത്തും കാവിലെത്തേവരെടെ കിറുപക്കായ്
തറയിലെ കൂട്ടരടെ കളിയൊണ്ടേൻറളിയോ
കളിയൊണ്ടേൻറളിയോ, കളിയൊണ്ടേൻറളിയോ
പറകൊട്ടി, മണികെട്ടിക്കളിയൊണ്ടേൻറളിയോ

തെയ്യത്തക, തെയ്യത്തക
തെയ്യത്തകതാരോ
തിത്തരികിട തിത്തയ്യം
തത്തരികിടതാരോ

കള്ത്തറ മെഴകാന് ചാണോം വാരാന്
ചാണോക്കൊട്ടയ്ക്കു ചൂരല്യ വെട്ടാന്
സൂരിയങ്കിളിക്കിണ മലനോക്കിപ്പോയേ
മലനോക്കിച്ചെന്നപ്പം മലയായ മലയെല്ലാം
അലിയാരുമേത്തരുടെ തലപോലെൻറളിയോ
[തെയ്യത്തക....തെയ്യത്തക
കണ്ടംചിറത്താഴെച്ചാണോം തേടി
കണ്ടങ്ങള് കണ്ടങ്ങള് പരതിയെൻറളിയോ
പയ്യുള്ളണ ചാണോത്തിന് ചോര നാററം
പയ്യുക്കടെ കൊട്ടലാകെ പൂഴത്തിട്ടെൻറളിയോ
[തെയ്യത്തക....തെയ്യത്തക
തേവർക്ക ചാവൂട്ടിന കാട്ടിലെ പന്നീനെ
വേട്ടയ്ക്കു പൊതീം കെട്ടിപ്പോയേ എൻറളിയോ
കാടില്ല, കാട്ടില് പന്നിപോയ്‌ററ്
പന്നിയെലിീംക്കുടെ കെടച്ചില്ലെൻറളിയോ
[തെയ്യത്തക........തെയ്യത്തക
ആററുവരല്യപ്പിട്ട് തേങ്ങാപ്പീരേം
കാന്താരീം ചതച്ചിട്ട പൊതിഞ്ഞുകെട്ടി
വാഴേലക്കീററില് പൊതിഞ്ഞുകെട്ടി
അടപ്പിലിട്ടരനാഴിക ചുട്ടെടുത്താൽ
അതിനോളം തേവർക്ക കൊശിമററില്ലളിയോ
തേവർക്ക കൊശിയാക്കാനാററിലേ പോയി
കയമായ കയമെല്ലാം മുക്കിളിയിട്ടളിയോ
വങ്കായ വങ്കെല്ലാം മുളഞ്ഞേ എൻറളിയോ
മുടിയാനെക്കൊണ്ടോരു മീനെന്ന ജാതീൻെറ
നെഴലുംക്കുടവിടെങ്ങും കണ്ടില്ലെൻറളിയോ
[തെയ്യത്തക....തെയ്യത്തക
തേവർക്ക തിരുവുള്ളം പതച്ചൊന്നു കേറാൻ
പഴം കൊടോമെടുത്തോണ്ടു പോരേ എൻറളിയോ

തെക്കേലെ ചെത്തച്ചൻ ചിണുങ്ങിണെൻറളിയോ
ചെത്തീട്ടും ചെത്തീട്ടും കൊട്ടീട്ടും കൊട്ടീട്ടും
തെങ്ങിൻെറ മണ്ടേലു് കള്ളില്ലെൻറളിയോ
[തെയ്യത്തക... തെയ്യത്തക
തേവരു-കാക്കണകാടെല്ലാം പോയേ
തേവരു് ചൊരത്തണവെള്ളം വെഷമായേ
തേവരുക്കൊരുക്കാനൊരുവകയില്ലാണ്ടായേ.
പണം വാരിക്കൂട്ടാൻ ചെലതമ്പ്രാക്കളുകാട്ടും
പണിയാണിതുകൊല്ലാക്കൊലയതിനാലെൻറളിയോ
കളിവിട്ട കാരിയം തൊടങ്ങാമെൻറളിയോ
അതിനായിക്കൂടിയോടെ പോന്നോളെൻറളിയോ
[തെയ്യത്തക.... തെയ്യത്തക
[മധ്യതിരുവിതാംകൂറിലെ കുറവർ (സാംബവർ)
കളിക്കുന്ന നൃത്തത്തിൻെറ ചുവട് പിടിച്ചുള്ള
ഒരു പാട്ടാണിതു്. പുരുഷന്മാർ മാത്രമായോ, സ്ത്രീ
കളേയും കൂടി ഉൾപ്പെടുത്തിയോ നൃത്തമായി
അവതരിപ്പിക്കാം. പാട്ടുമാത്രമായും പാടാം.]

രചന: പി. എൻ. ദാമോദരൻപിള്ള

വഞ്ചിപ്പാട്ട്

വോട്ടുകാലമടുത്തല്ലോ കൂട്ടുകാരെ അറിഞ്ഞില്ലേ
നാട്ടിലുള്ള നമ്മളെല്ലാം വോട്ടു ചെയ്യണം.
എഴുതാനും വായിക്കാനും സ്വയം ചിന്തിക്കാനുമുള്ള

കഴിവില്ലാത്തവർ നൂറിലെഴുപതാളും.
കണ്ണു കാണാത്തൊരുവൻെറ കൈയിൽ സ്വർണ്ണമേകി
യെന്നാൽ
പൊന്നാണതെന്നവനുണ്ടോ അറിഞ്ഞിടുന്നു.!
വോട്ടെന്നൊന്നെഴുതാൻപോലും ഒട്ടുമറിവില്ലാത്ത നാം
വോട്ടു കൊടുക്കേണമാർക്കാണെന്തിനാണോർത്താൽ.
മാടുകളെ നയിക്കുന്നപോലെയീ ഭാരതത്തിലെ
മൂഢരായ നമ്മെ ഭരിച്ചീടുവാനാകാം.
പടം നോക്കിക്കുത്താൻ മാത്രംപഠിച്ച നാമറിയുന്നോ
പടമീ സമ്മതിദാനമെന്നവകാശം.

രചന: പനങ്ങാട് പി. കെ. തങ്കപ്പൻപിള്ള

മുക്കുവപ്പാട്ട്

കടലമ്മ കനിഞ്ഞുതന്ന
കനികൊണ്ടു കഴിഞ്ഞോര്
കടലിൻെറ മക്കളിന്നു്
കണ്ണീരിലല്ലോ....

കടലടിയിലെ നിധിയും തേടി
വലവീശിപ്പോയോർക്ക്
ഒടുവിലീ കണ്ണീർമുത്തു്
കൊടുത്തതാരോ....

മാനം വെളുക്കും മുമ്പേ
മാരിക്കാറെത്തും മുമ്പേ

ചീനവലച്ചിറകും വീശി
കേവഞ്ചികൾ കേറിപ്പോയി
പണ്ടത്തെ കഥയവയെല്ലാം
ണ്ടവരാണല്ലോ നമ്മൾ.

ചെമ്മീനും സ്രാവും കണയും
നമ്മീനുകളെല്ലാമെവിടെ?
ചാളയുമായ് ക്കുരകൾ തോറും
നീളെപ്പോയോരിന്നെവിടെ?

കടലായ കടലിലെ മീനുകൾ
കുടിവിട്ടു പമ്പകടന്നോ?

കള്ളന്മാർ മീനും കൂടി
കൊള്ളയടിക്കാൻ വന്നെന്നോ
കടലിൻെറ കനിവു കുറഞ്ഞോ
കുടിലിൻെറ ദു:ഖമറിഞ്ഞോ
കടവും ദുരിതങ്ങളുമായി
കടലോരം മങ്ങി മറഞ്ഞോ?
കടലിൻെറ മക്കളെ കണ്ണീരിലാഴ്ത്തിയ
കൊടിയ കള്ളന്മാരെ
തിരയുവാൻ മറെറാരു വലവീശാൻ നമ്മൾക്ക്
സമയമായ് കൂട്ടുകാരേ!

രചന: മുല്ലനേഴി

വരുമൊരു കാലം

ഒഴിഞ്ഞ ചട്ടിയിൽ നിന്നും
എങ്ങനെ കഞ്ഞി കുടിക്കും നീ

എങ്ങനെ കഞ്ഞികുടിക്കും നീ
നാട്ടിൻ ഭരണം പിടിച്ചെടുത്തു
കീഴ്മേൽ മാററി മറിക്കു—
എങ്കിൽ ?
നിന്നുടെ ചട്ടീൽ കഞ്ഞികുടിക്കാൻ
നീമാത്രം പോരും,
ഇനിയൊരു നിമിഷം കാത്തിരിക്കണ്ട.

പണിയില്ലാത്തോൻ നീയെങ്കിൽ
പാവപ്പെട്ടോൻ നീയെങ്കിൽ
എങ്ങനെയെങ്ങനെ വയറുനിറയ്ക്കും നീ.
എങ്ങനെ വയറുനിറയ്ക്കും നീ
നാട്ടിൻ ഭരണം പിടിച്ചെടുത്തു
കീഴ്മേൽ മററി മാറിക്കു,
അതിന്റെ നായകനാകു
എങ്കിൽ ?
എല്ലാവർക്കും പണികിട്ടും പാവപ്പെട്ടവരി—
ല്ലാതാകും.

ദുർബലരെന്നു വിളിച്ചവർ നിന്നെ
കളിയാക്കുന്നില്ലേ?
കാലം പാഴിൽ കളയാതെ
മുന്നേറുക നീ വേഗം
മിണ്ടാപ്രാണികളായ് കഴിയുന്നോർ—
ക്കാശ്വാസം പകരാൻ
കൊണ്ടുവരൂ നീ കൊണ്ടുവരൂ നീ
പുതിയൊരു സംഗര പരിപാടി
എങ്കിൽ ?
വരുമൊരുകാലം മിണ്ടാപ്രാണികൾ
സംസാരിക്കും കാലം
ദുർബലരായോർക്കിടയിൽ നിന്നും

ചിരിപൊട്ടും കാലം
ചിരിപൊട്ടും കാലം.

രചന: ബ്രെതോൾത് ബ്രെഹ്ത്
പരിഭാഷ: പുനലൂർ ബാലൻ

പോരാ പോരാ

പോരാ പോരാ ചെയ്യുവതൊന്നും പോരാ—
നൈരാശ്യത്തിൻ കൂരിരുളല്ലോ നീളെ
അതിൻെറ കാളിമയേറുകയല്ലോ പാടേ—
പററില്ലീ നില തുടരാൻ പക്ഷെ എന്തു ചെയ്യാൻ
കഴിയും, നിനക്കെന്തു ചെയ്യാൻ കഴിയും....

[പോരാ പോരാ............

കുഞ്ഞിനു തീററീകൊടുക്കാനൊരുവഴി കാണാതെ
മഞ്ഞുപെയ്യും കോടിക്കാററിലലഞ്ഞുതിരിയും
കുഞ്ഞാററക്കിളി പോലെ
എന്തു ചെയ്യണമെന്നറിയാതെ
മോഹഭംഗച്ചുഴയിൽ നീ കറങ്ങുന്നു.

[പോരാ പോരാ...........

കീഴും മേലും നോക്കാതെ
തരിമ്പു വിശ്രമമില്ലാതെ–തല
യറിഞ്ഞു പണി ചെയ്‌വൂ– നീ
തകർത്തു പണി ചെയ്‌വൂ

നന്നാവാത്തതു നന്നാക്കാൻ–നീ
പാഴ്ശ്രമം തുടരുന്നു–
കിട്ടാത്തതിനെ കെട്ടിയെടുക്കാൻ
പാഴ്ശ്രമം തുടരുന്നു–നീ–
പാഴ്ശ്രമം തുടരുന്നു–ഞാൻ
പാഴ്ശ്രമം തുടരുന്നു–നാം–
പാഴ്ശ്രമം തുടരുന്നു....

[പോരാ പോരാ...........

കൂലി കുറവല്ലേ, കുമ്പിളിലല്ലേ നിനക്കു കഞ്ഞി
ഓണം വന്നാലും, ഉണ്ണി പിറന്നാലും
കുമ്പിളിലല്ലേ നിനക്കു കഞ്ഞി....
ഈ നില മാറണമെങ്കിൽ നീ– നിന്റെ
കടമയെന്തെന്നറിയൂ,
നിന്റെ കടമയെന്തെന്നറിയൂ–
നിന്റെ കടമ നിറവേറ്റൂ
നിന്റെ കടമ നിറവേറ്റൂ.........
നിന്റെ കടമ നിറവേറ്റൂ...

രചന: ബ്രെതോൾത് ബ്രഹ്ത്
പരിഭാഷ: പുനലൂർ ബാലൻ